പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5966 | 07.07.2014 ലെ മറുപടിയ്ക്ക്

**കാർഷിക ദിനാഘോഷം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ കാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ; | (എ) | 2014 ആഗസ്റ്റ് 17 കർഷക ദിനം ആയി സമുചിതമായി ആഘോഷിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അന്നേ ദിവസം പഞ്ചായത്ത് തലത്തിൽ കർഷകരെ ആദരിക്കുന്നതിനും, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ കർഷക ദിനം ആഗസ്റ്റ് 16 ന് കോഴിക്കോട് ബീച്ച് മൈതാനത്തിൽ വച്ച് ഉദ്ഘാടനം നടത്തുന്നതാണ്. ഇതിനോട് അനുബന്ധിച്ച് വിവിധ സംസ്ഥാനതല കർഷക അവാർഡുകൾ കർഷകർക്കും ഉദ്യോഗസ്ഥർക്കും, കുട്ടികൾക്കും വിതരണം ചെയ്യുന്നതാണ്. 17, 18, 19 ദിനങ്ങളിൽ സെമിനാറുകൾ, പൊതുമേഖല / പ്രൈവറ്റ് സ്ഥാപനങ്ങളുടെ എക്സിബിഷനുകൾ, കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾ, അക്വാപെറ്റ് ഷോകൾ, വൈകുന്നേരങ്ങളിൽ സാംസ്കാരിക പരിപാടികൾ എന്നിവ നടത്തുന്നതാണ്. ആഗസ്റ്റ് 19 നാണ് സമാപന സമ്മേളനം തീരുമാനിച്ചിരിക്കുന്നത്. ആഘോഷങ്ങൾ വിജയകരമായി നടത്തുന്നതിനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) നിറവ് പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ; | (ബി) | 2011-12 ൽ തെരഞ്ഞെടുത്ത 12 നിയോജക മണ്ഡലങ്ങളിൽ 11 മണ്ഡലങ്ങളിലും കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിറവ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ പ്രത്യേകിച്ച് തുകയൊന്നും വകയിരുത്താത്തതിനാൽ ആർ.കെ.വി.വൈ.സ്കീമിൽ പദ്ധതികൾ സമർപ്പിച്ച് അംഗീകാരം തേടിയാണ് പദ്ധതികൾ 2012-13 ൽ നടപ്പിലാക്കിയത്. കാർഷിക മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിനായി 737.58 ലക്ഷം രൂപ വിവിധ മണ്ഡലങ്ങൾക്കായി ലഭിച്ചു. മണ്ഡലം തിരിച്ചുള്ള തുക ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ചെങ്ങന്നൂർ | 82.50 ലക്ഷം |
| തൊടുപുഴ | 52.40 ലക്ഷം |
| പാല | 62.00 ലക്ഷം |
| നോർത്ത് പറവൂർ | 62.40 ലക്ഷം |

| | |
|---|---|
| കൊടുങ്ങല്ലൂർ | 4.80 ലക്ഷം |
| കോട്ടയ്ക്കൽ | 71.36 ലക്ഷം |
| ബാലുശ്ശേരി | 97.85 ലക്ഷം |
| പേരാമ്പ്ര | 88.57 ലക്ഷം |
| നാദാപുരം | 131.25 ലക്ഷം |
| കല്പറ്റ | 59.35 ലക്ഷം |
| തളിപ്പറമ്പ | 25.10 ലക്ഷം |
| **ആകെ** | **737.58 ലക്ഷം** |

2013-14 ൽ തെരഞ്ഞെടുത്ത 31 നിയോജക മണ്ഡലങ്ങൾക്കുമായി ആർ.കെ.വി.വൈ സ്കീമിൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു.

**(സി)** വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**(സി)** വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്താനായി 2014-15 ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾ മുഖേന പച്ചക്കറി കൃഷി ചെയ്യുന്നതിന് 4000 രൂപ വീതം സഹായം നൽകുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
2. വിദ്യാലയങ്ങളിലെ കൃഷിയ്ക്ക് ജലസേചനം നൽകുന്നതിനായി കിണർ/പമ്പ്സെറ്റ് എന്നിവയ്ക്ക് 10000 രൂപ ധനസഹായം നൽകുന്നു. ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
3. വിദ്യാലയങ്ങളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾക്കുമായി 2500 വിദ്യാലയങ്ങൾക്ക് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ